# പ്രയാണം





**ലിറ്റിൽകൈറ്റ്സ്**

**എൽ.കെ/2018/41098**



**ജി**

**എച്ച്**

**എസ്സ്**

**എസ്സ്**

**കരുനാഗപ്പള്ളി**



# ആശംസ



**വിവരവിനിമയ സാങ്കേതികവിദ്യ-ലിറ്റിൽകൈറ്റ്സ് ഇന്ന് വിസ്ഫോടനകരമായ നൂതനപന്ഥാവിലാണ്. നേടുന്ന സാങ്കേതികമികവ് കാലത്തിന്റെ "പ്രയാണ"ത്തിന് എന്നും ഒരു മുതൽക്കൂട്ടാകട്ടെ.....................................**

**അനുഗ്രഹാശിസ്സുകളോടെ**

**ക്ലാരറ്റ്. ജെ (ഹെഡ്മിസ്ട്രസ്)**

# മുഖമൊഴി

## കൂട്ടുകാരേ.....,

അറിവുകളുടെയുംസാദ്ധ്യതകളുടെയുംസാങ്കേതികവിദ്യകളുടെയുംവലിയ ലോകംതുറന്നിട്ടുകൊണ്ട് വിദ്യാഭ്യാസരംഗംമുന്നേറുകയാണ്...... പാഠപുസ്തകിൽചിട്ടപ്പെടുത്തിയിരിക്കുന്ന കേവലമായഅറിവുകളുടെ വിനിമയത്തിനപ്പുറം അധ്യാപകൻറെയും വിദ്യാർത്ഥിയുടെയും സജീവവും സന്പൂർണവുമായ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രിതവുമായ ഒരു വിദ്യാഭ്യാസപ്രക്രിയയാണ്ഇന്ന് നടന്ന്കൊണ്ടിരിക്കുന്നത്. വിവരവിനിമയ സാങ്കേതികവിദ്യയുടെസങ്കേതങ്ങൾക്കുംഉപകരണങ്ങൾക്കുംഇത്തരമൊരു പ്രക്രിയയിൽവലിയ പങ്കുതന്നെയാണുള്ളത്.പ്രസ്തുതസങ്കേതങ്ങൾ സമർത്ഥമായുംഫലപ്രദമായുംഉപയോഗിക്കാൻവൈദഗ്ധ്യവുംഅഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കുകഎന്ന ലക്ഷ്യത്തോടെയാണ് ലിറ്റിൽകൈറ്റ്സ് എന്ന ഐ ടി കൂട്ടായ്മ നമ്മുടെ വിദ്യാലയങ്ങളിൽ ഒരുക്കിയിരിക്കുന്നത്.

ഐ ടി യുടെ അനന്തസാധ്യതകളെ നമ്മുടെ ക്ലാസ്സ് റൂം -സ്കൂൾ പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ പ്രേരിപ്പിക്കുന്ന ഒരു കിളിവാതിലായി ഞങ്ങളുടെ ഈ പ്രയാണത്തെ കാണുക.



ലിറ്റിൽകൈറ്റ്സ് ക്ലബ്ബ്.

# പത്രാധിപസമിതി

ക്ലാരറ്റ്. ജെ (ഹെഡ്മിസ്ട്രസ്)

വിനീത് ( പി ടി എ പ്രസിഡന്റ്)

ഉഷാകുമാരി. എസ് (ലിറ്റിൽ കൈറ്റ് മിസ്ട്രസ്)

ജൂബൈരിയാബീവി. എം (ലിറ്റിൽ കൈറ്റ് മിസ്ട്രസ്)

ഗംഗാകൃഷ്ണ (ലിറ്റിൽ കൈറ്റ് അംഗം)

അഫ്സാന (ലിറ്റിൽ കൈറ്റ് അംഗം)

അജ്മാസ് (ലിറ്റിൽ കൈറ്റ് അംഗം)

അമീർഖാൻ (ലിറ്റിൽ കൈറ്റ് അംഗം)



പ്രയാണം

## താളുകൾ  മറിയുമ്പോൾ

അമ്മ..........8
ഓർക്കാതിരിക്കാൻ ശ്രമിക്കും തോറും ഏറിയേറി..........28
പ്രതീക്ഷ..........30
വിദ്യാർത്ഥി സമൂഹത്തെ ബാധിക്കുന്ന..........31
കാൻസർ:ലഹരിയുടെ ഉപയോഗം..........31
പ്രിയ തോഴി..........1
IT QUIZ..........2
പൂമൊട്ട്..........3
വിജ്ഞാനച്ചെപ്പ്..........5
ഓർമ്മതൻ താഴ്‌വരയിൽ..........1

# അമ്മ

അമ്മയാം ദേവിയേ കാണാതെ കാണാതെ,
ഒരു നൂറു സ്വപ്നം ഞാൻ നെയ്തുകൂട്ടി
അമ്മയുടെ സ്നേഹം അറിഞ്ഞില്ല ഞാനാ-
മടിയിൽ  തലചായ്ച്ചുറങ്ങിയില്ല.

ഏങ്ങിലും ഏങ്ങിലും പെറ്റവയറിനെ
ദൈവമായ് ഞാനിന്നും കണുകയായ്,
എന്തേ എൻ അമ്മേ നീ
ത്യജിക്കുകയാണോ ഈ പ്പെറ്റനോവിന്റെ
ആ തിരാക്കടൽ പെറ്റവയറിന്റെ തിരാക്കടം

ആരെന്നറിയില്ല എവിടെന്നറിയില്ല
ഓർമ്മയിൽപ്പോലും നീ എത്തിയില്ല.
ഓർമ്മതൻ ജാലകത്തൂലികപോലും നിൻ
മന്ദസ്മിതങ്ങൾ കാണ്മനില്ല.

ഹൃദയത്തിനുള്ളിലെ ഹൃദയമായ്മാറി നീ
എന്നും എൻ മനസ്സിൽ കുടിയിരിപ്പു.
പൂവിന്റെ ഇതളയിപാട്ടന്റെ രാഗമായ് സൂര്യന്റെ
തേജസായ്,
ചന്ദ്രൻ തൻ നിലാവായ് നിന്നെഞാനെന്നും
ക്കാത്തുകൊൾകാം
ഇനിയുള്ള ജന്മങ്ങൾ ഇനിയുള്ളമോഹങ്ങൾ
അമ്മതൻ മാധുര്യം നുണയുകയായ്.

വരുമോ എൻ ദേവി നീ ഈ ജന്മമെങ്കിലും
എനിക്കയ് എൻ ജീവനായി
മാറുമോ എന്റേയീക്കണ്ണീരുതോരുമോ
നാദമായ് നീ എന്നിൽ അണയും നേരം

എന്റെ ഈ ഹ്വദയത്തിൽ അങ്കണച്ചോട്ടിലെ
കല്പകവൃക്ഷമായ് മാറിയെങ്കിൽ
അകലരുതെ നീ പിരിയെരുതെ എന്നെ-

വിട്ടെങ്ങും നീ പോകരുതേ.

എന്നിലെ കനലായി, എന്നിലെ കടലായി,

എന്നിലെ കലയായി,കാത്തുകോൾകാം...........

"അമ്മേ എന്റെ ജീവനേ"..........................

(അഗജ.എസ്.രാജ്)

**അശ്വിൻ.**

10 D



# മരിക്കാത്ത ഓർമ്മകൾ

ഞാൻ ഒരിക്കലും മറക്കില്ല എന്റെ അമ്മയെയും അച്ഛനെയും. എനിക്ക് തരുന്ന സ്നേഹം പറഞ്ഞറിയിക്കാൻ കഴിയാത്തതാണ്. അച്ഛനും അമ്മയും എന്നെ പ്രാണനുതുല്യം സ്നേഹിക്കുന്നു. ഞാൻ എന്റെ അച്ഛനും അമ്മയ്ക്കും അവർ എനിക്കു തന്നതിലും ഇരട്ടിസ്നേഹമായി ഞാൻ തിരിച്ചു നൽകും. ഇപ്പോൾ ഈ കാലഘട്ടത്തിൽ നടക്കുന്നത് എല്ലാവർക്കും ഒരു ശല്യമായി തീർന്നിരിക്കുകയാണ് അവരവരുടെ അച്ഛനമ്മമാർ . ഇപ്പോൾ അപ്പുപ്പൻമാരേയുംഅമ്മമ്മമാരെയുംവീടുകളിൽകാണുന്നത്കുറവാണ്.എന്നാൽഒരു വൃദ്ധസദത്തിലേക്ക് ഒന്ന് പോയിനോക്കിയാ-ൽകാണാംനൂറുക്കണക്കിന്അപ്പുപ്പൻമാരെ യുംഅമ്മുമ്മമാരെയുംഇപ്പോൾഒരുമുത്തശ്ശികഥകളോമറ്റുകഥകളോവല്ലോംകേൾക്കണമെങ്കി ൽഎല്ലാവരുംഒടനെയൂറ്റൂബിൽഅടിച്ചുനോക്കും. എന്നാൽ ഞാൻ ഒരിക്കലുംഎന്റെ അച്ഛനും അമ്മയ്ക്കും ഈ ഗതി കൊ-ടുക്കില്ല അത് എന്റെ സത്യം ആണ്. കാരണം എനിക്ക് എന്തെങ്കിലും വരുകയാണെങ്കിൽ ആദ്യം എന്റെ മനസ്സിൽ കടന്നുവരുന്ന ചിത്രം എന്റെ മാതാപിതാക്കളുടെയാണ് അവരുടെ ചിത്രം എന്റെ മനസ്സിൽ വരുമ്പോൾ എന്റെ സക്കടങ്ങളെല്ലാം മാറും എന്റെ ദു:ഖത്തിലും സന്തോഷത്തിലുമെല്ലാം എന്റെ കൂടെ ഉണ്ടാകും എന്റെ അച്ഛനും അമ്മയും അവരുടെ പ്രാണതുല്യം എന്നെ യാഥാർത്യമായി സ്നേഹിക്കുന്നു പിന്നെ ഞാനങ്ങനെ അവരെ സ്നേഹിക്കാതിരിക്കും എനിക്ക് അമ്മയും അച്ഛനും ഈ പ്രായത്തിൽ തരുന്നസ്നേഹം ഇതിന്റെ നൂറിരട്ടിയായി ഞാൻ എന്റെ അച്ഛനും അമ്മയ്ക്കും തിരിച്ചുനൽകും. ഞാൻ ആദ്യമായി കണ്ട രണ്ട് ദൈവങ്ങളാണ് എന്റെ അച്ഛനും അമ്മയും

(അമൃത മോഹൻ)

# തത്തമ്മയും പേരക്കുട്ടിയും

അമ്മിണിതത്തയ്ക്ക് ആറ് വയസ്സായി. പ്രായാധിക്യത്താൽ അതിന്പുറത്തൊന്നും പോകാനാകില്ല. അതുകൊണ്ട് തന്നെ അമ്മിണി ഏതുസമയവും മരപ്പൊത്തിലാണ്. അമ്മിണിയുടെ മകനും ഭാര്യയും കൊണ്ടുവരുന്ന തീറ്റകഴിച്ച് കിടന്നുറങ്ങും. പക്ഷെ അമ്മിണിയുടെ പഴയകാലത്ത് അങ്ങനെ അല്ലായിരുന്നില്ല, അവൾ തീറ്റത്തേടിപോകാത്ത സ്ഥലമില്ല.നല്ല കാലത്ത് അമ്മിണിയാണ് ആ കൂട്ടത്തിലെ മിടുക്കി. എന്നാൽ ഇന്ന് പറക്കാൻ തന്നെ വയ്യാന്നായി. ഏതാനും തവണ ചിറകുകൾ വീശുമ്പോഴേക്കും അമ്മിണി കിതച്ചു പോകും കഴിഞ്ഞ കാലത്തെക്കുറിച്ചോർത്തപ്പോൾ അമ്മിണി നെടുവീർപ്പുയർന്നു അത് ശ്രദ്ധിച്ച അമ്മിണിയുടെ പേരക്കുട്ടികൾ അവളോട് ചോദിച്ചു

മുത്തശ്ശീ........മുത്തശ്ശീ........മുത്തശ്ശിയെന്താ

വിഷമിക്കുന്നത്ഓരോരോകാര്യങ്ങളോർത്ത്

നെടുവീർപ്പിട്ടതാണ്ആട്ടെ,നിങ്ങൾക്കൊന്നുംപഠിക്കാനില്ലേ.

പഠിക്കാനൊക്കെയുണ്ട് മുത്തശ്ശീ,തത്തമ്മേ പൂച്ച പൂച്ച

എന്ന് ഇരുപത് തവണ എഴുതിവരാൻ ടീച്ചർ പറഞ്ഞു

മുത്തശ്ശീ,ഞങ്ങൾക്കൊരു സംശയം.ഈ പൂച്ചകളെന്തിനാനമ്മെളെ പിടിക്കുന്നെ? ഇതുകേട്ട അമ്മിണി അവരോട് പറഞ്ഞത് പൂച്ചകൾ അങ്ങനെയാണ് മക്കളെ ... ചില പൂച്ചകൾ നമ്മെ പിടിച്ചു കൊന്നുതിന്നും,മറ്റുചിലത്.കളിച്ചുരസിക്കാൻ നമ്മെ കൊല്ലും.അതൊക്കെ അവരുടെ രസമാണ്.നിങ്ങൾ


സൂക്ഷിക്കണെ മക്കളെ .മുത്തശ്ശി ഞങ്ങൾ ഇന്നലെ വരുമ്പോൾ ഒരു കണ്ടൻപൂച്ചയെ കണ്ടു. അവൻ ഞങ്ങളോട്പറയുവാ, രണ്ടിനെയും പിന്നെ എടുത്തോളാം എന്ന്. ഞങ്ങൾക്ക് സ്ക്കൂളിൽ പോകാൻ പേടിയാ... അവൻ ഞങ്ങളെ കൊല്ലുമോ മുത്തശ്ശി? ഓ.. കണ്ടനാണോ അവനെ നിങ്ങൾ പേടിക്കേണ്ട വമ്പത്തരം പറയുമെന്നേയുള്ളൂ.കുരക്കും പട്ടി കടിക്കില്ല മക്കളെ .നിങ്ങൾ അവനെയും ഇനിയും കണ്ടാൽ കൊത്താനായി പറന്നുചെന്നാൽമതി ആ നിമിഷം കണ്ടൻ സ്ഥലം വിടും. തത്തക്കുട്ടികൾക്ക് സമാധാനമായി. അടുത്ത ദിവസംഅവർ സ്കൂളിൽ പോകുമ്പോൾ കണ്ടൻപൂച്ചയെ കണ്ടു തത്തക്കുട്ടികളെ കണ്ട കണ്ടൻ ഒന്നുമുരണ്ടു. എന്നിട്ട് വിളിച്ചു പറഞ്ഞു വേഗം തിന്നുവളര് എന്നിട്ട്വേണം നിന്നെയൊക്കെ ശാപ്പിടാൻ.ഇതു കേട്ട തത്തക്കുട്ടികൾക്ക് ദേഷ്യം വന്നു. അവർ അമ്മിണിതത്ത കൊടുത്തധൈര്യത്തിൽ കണ്ടന്റെ നേർക്ക് പറന്നടുത്തു ദേഷ്യപ്പെട്ടു വരുന്ന തത്തക്കുട്ടികളെ കണ്ടപ്പോൾ കണ്ടൻപേടിച്ചിട്ട് ഒരോട്ടം വെച്ചു കൊടുത്തു. കണ്ടന്റെ ഓട്ടം കണ്ട തത്തകുട്ടികൾക്ക് ചിരിവന്നു.മുത്തശ്ശി പറഞ്ഞത് എത്ര ശരിയാണ് കുരയ്ക്കും പട്ടി കടിക്കില്ലയെന്ന് അവരോർത്തു.

ഗുണപാഠം :-"വീരസ്യം പറഞ്ഞുനടക്കുന്നവർ അത്
ചെയ്യാൻ വീരമുള്ളവരല്ല.".......

(ഗഗനാ കൃഷ്ണ)

പ്രയാണം





Aswin.S,10D

# കൃഷി മൊഴികൾ

* ചോതി വർഷിച്ചാൽ ചോറ്റിന് പഞ്ഞമില്ല
*ചെമ്മാനം കണ്ടാൽ അമ്മാനം മഴയില്ല.
*ചിങ്ങംആദ്യം മഴയില്ലെങ്കിൽ അച്ചിങ്ങം മഴയില്ല.
*കാലത്ത് പെയ്യുന്ന മഴ വേഗം നിൽക്കും .
*അത്തം കറുത്താൽ ഓണം വെളുക്കും.
*കടലിൽ വില്ല് കണ്ടാൽ മഴ നീളും.
*അമരത്തടത്തിൽ തവള കരയണം.
*മുതിരയ്ക്ക് മൂന്ന് മഴയെ വേണ്ടൂ.
*കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും മാണിക്യം.
*മീനത്തിലായാൽ മീൻ കണ്ണിയോളം.
*കുംഭത്തിൽ നട്ടാൽ കുടത്തോളം.
*പൂയം ഞാറ്റുവേലയിൽ പുല്ലുപോലും പൂവണിയും.
*മകരത്തിൽ മഴപെയ്താൽ മലയാളം മുടിയും.

# CHILD LABOUR

**Child labour is the big social problem very often we see some minor boy and girl working in the stall, hotel and in the small shop. in some big industries also minor boy and girl have been working for full working hour.**

**Poverty is the main reason which has forced the to work . As a result the children don't get time for education as they have to attempt hard work before their maturity . In india, child labour system has become a problem to the society . Only the law can't protect the children from being engaged in hard work and becoming the labour . This illeqal activity of child labour , is increased day by day even after lot of rule and regulation against this are issued by the government to prohibit**

**sanasha joseph**

# മികവ് 2018-19
# സംസ്ഥാന ശാസ്ത്രമേളയിൽഒന്നാം സ്ഥാനം ലഭിച്ച പ്രോജക്ട്



കുട്ടനാട്ടിലെ മണ്ണിലും ജലാശയങ്ങളിലുമുണ്ടായ മാറ്റങ്ങളെക്കുറിച്ചുള്ള പ്രോജക്ടുമായി ജയലക്ഷ്മിയും നീരജും

# മികവ്  2018-19

## സംസ്ഥാനശാസ്ത്രമേളയിൽ എ ഗ്രേഡ് ലഭിച്ച സ്റ്റിൽമോഡൽ



# പ്രവേശനോൽസവം 2018-19



**ശാസ്ത്രസെമിനാറിൽ സംസ്ഥാന തലത്തിൽ എ ഗ്രേഡ്**

**ഫാത്തിമ എസ്.10E**





റിപ്പബ്ലിക് ദിന പരേഡിലേക്ക്
തെരഞ്ഞെടുത്ത
അദിതി എസ് അനിൽ

# പ്രളയഭൂമിയിലേക്ക് ഒരു കൈത്താങ്ങ്



# മികവ് 2018-19

## സംസ്ഥാന



**കലോൽസവവിജയികൾവിജ്ഞാനച്ചെപ്പ്ഓർമ്മതൻ താഴ്‌വരയിൽ**

# പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം



# യാത്ര തുടരുകയാണ്; സൂര്യൻ സാക്ഷിയുണ്ട്.

ചിതയിൽ നിന്നുമുയരുന്ന തീജ്വാലകൾക്ക്മുകളിൽ ഒരുകറുത്തതേര്കുതിക്കാനായിനിന്നു. പുറപ്പാടിന്റെകുഴലുത്തുമായി ഒരുമിന്നൽ.ഒപ്പം ഇടിവെട്ടും പതിച്ചത് ഭൂമിയിലേക്കല്ലായിരിന്നു..ആളൊഴിഞ്ഞഭൂവിൽ ഏകാകിയായി ചിതയ്ക്ക് കൂട്ടായി നിന്ന അയാളുടെ ഇടത്തേ നെഞ്ചിലേക്കായിരുന്നു.ആ മിന്നൽ പിണർ അയാളു-ടെ ഓരോ രോമകൂപങ്ങളേയും തഴുകി,തഴുകി അയാളിലലിഞ്ഞ്ചേർന്നു.തെക്കുനിന്നൊരുകാറ്റ് വന്ന് അയാളെ തഴുക്കി.പിന്നോട്ടു മുന്നുവച്ചുവട് നടന്ന് ;ഇടതുതിരിഞ്ഞ്,ഒരു തുള്ളി കണ്ണുനീർ ഭൂമിക്ക് നൽകി;വിണ്ടകീറിയ പാദങ്ങളെ ഭൂമിയിലുറപ്പിച്ച് അയാൾ തന്റെ യാത്ര തുടർന്നു.

യാത്ര തുടരുകയാണ് ,സുര്യൻസാക്ഷിയുണ്ട്.ലക്ഷ്യമേതുമില്ല,ചിന്തയേതുമില്ല, കൂട്ടിന്നിഴലൊഴികെയാരുമില്ല-അല്ല,തെറ്റ്കൂട്ടിന്നിഴലിനൊപ്പം ഓർമകളും.വരണ്ട മണ്ണിൽനടക്കുമ്പോഴും;ഓർമകൾ അയാൾക്ക് പുതുമണ്ണിന്റെ അനുഭവം പകർന്നു.വീശുന്ന ഉഷ്ണകാറ്റുകളാണെങ്കിലും ഓർമകൾ...അയാൾക്ക്തണുത്ത കാറ്റ് വീശി.ഓർമകൾ...കാലത്തെ പിന്നോട്ടു നയിക്കാൻ അവതുള്ള ഒരേയൊരാൾ മാത്രം..........

രണ്ടാം സെമസ്റ്ററിനു ശേഷംക്ലാസ്സിൽ വന്ന ആ 'ചെറിയകുട്ടി'യെ രണ്ടു കണ്ണുംബൾബ്പോലെ തെളളിച്ചു നിർത്തിയാണ് ബാക്കിയുള്ള 59 കുട്ടികളും ക്ലാസ്സിലേക്ക് സ്വീകരിച്ചത്.പത്താം ക്ലാസുകാരന്റെ നീളം മാത്രമുള്ള,ചെറിയമുഖത്ത് സ്ഥലമില്ലാതെ വീർപ്പു മുട്ടിനിൽക്കുന്ന രണ്ടു വെള്ളാരങ്കല്ലും;നീളൻ മൂക്കും,കുറ്റി മീശയും;ചുവന്ന ചെറിയ ചുണ്ടും;ചുരുണ്ട നീളൻ മുടിയുള്ള അവനെ കണ്ടാൽ ഒരു പാവംലുക്കാണ്.അയ്യോ പാവിയാണ് എന്ന് കാരുതി അധികം കൂട്ടിനു പോയിരുന്നില്ലയാദ്യം.എന്നാൽ ചെറിയ തലയിലെ വലിയ ആശയങ്ങളെ ഇരുകൈയും നീട്ടി ക്ലാസ് സ്വീകരിച്ചത് എത്ര പെട്ടന്നാണ്?! നാലുചുവരുകൾക്കുള്ളിൽ നിന്നവർ നാലുദിക്കിനേയും കണ്ടുതുടങ്ങിയത് ഇവനിൽ നിന്നായിരുന്നു ഒരു പുഞ്ചിരിയുടെ കോണിൽ നിന്നും അവന്റെ മുഖം വിടർന്നുകൊണ്ടേയിരുന്നു.

മാറ്റങ്ങൾക്കെന്തൊരു വേഗം?

മാറ്റങ്ങൾക്കെന്തൊരു ശക്തി?......

ഓർമകൾ അവനൊരു ഇളനീർ

കൊടുത്തു.ആ ഇളനീരും പാനം ചെയ്ത് അവൻ യാത്ര തുടർന്നു.ചിതയുടെ കനലുകൾ ഇപ്പോഴും

എരിയുന്നുണ്ടാവും.കറുത്ത തേര് അവിടെ വൃഷ്ടി നൽകിയില്ല.ഒന്നും വേഗം കുറച്ച്;പിന്നെ വേഗം കൂടി അതങ്ങ് പാഞ്ഞു.പുതിയകുരുക്ഷത്രം എവിടയാണോ,

എന്തേ? സമ്മർക്യാമ്പിനു എന്തെങ്കിലും വ്യത്യസ്തമായ കാര്യം ചെയ്യണമെന്ന അവന്റെ വാക്ക് ഓർമകൾ അയാളിൽ കൊണ്ടെത്തിച്ചു.

അയാൾ വിണ്ടും പഴയ കോളേജിലെത്തി.

പലർക്കും പല ആശയങ്ങളായിരുന്നു.ഗ്രൂപ്പ് തിരി ച്ചാണ് പ്ലാനുകൾ ചെയ്തത്.ഭാഗ്യത്തിനോ,നിർ-

ഭാഗ്യത്തിനോ അവൻ തന്റെ കൂടെ വന്നു.ആറുപേരടങ്ങിയ

ഗ്രൂപ്പായിരുന്നു.ചർച്ചകൾ പലതായിരുന്നു.ഉത്തരേന്ത്യയിൽ ജബൽപുരി എന്നൊരു സ്ഥലമുണ്ട്.സൂര്യന്റെചൂടിന്നുള്ളിൽജീവിക്കാൻ ശ്വാസവായുതേടുന്നഗ്രാമം.അവർക്കുവേണ്ടിയായാലോ ഈക്യാമ്പ്.വ്യത്യസ്തമായ ആശയമാണന്നു തോന്നി.ഉടമയാരെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. തന്റെ ഓർമകൾ ഭാവിയിലേക്ക് പാഞ്ഞു.എല്ലാം വളരെ പെട്ടന്ന് നടന്നു.ഇതുവരെ ആരും ചെയ്യാത്ത പ്രോജക്ട്.ദേഷ്! സാറന്മാർ ഒന്നു പുഴ്ത്തി.ഓർമകളിൽ സന്തോഷത്തിന്റെ വേലിയേറ്റം.ആയിരത്തിൽ താഴെ മാത്രം ജനസംഖ്യയുള്ള കുഞ്ഞുഗ്രാമമെന്നാണ് ആദ്യം കരുതിയത്. പിന്നെയാണ് മാനസിലായത്;രണ്ട് 'മനുഷ്യ'കുടുമ്പങ്ങളും ബാക്കി വെറും 'ജന്തു'ക്കളുടെ കുടുംബവുമാണ് ആ ഗ്രാമമെന്ന് .അപകടം മനസിലാക്കിയപ്പോൾ വേണ്ട എന്ന്പറഞ്ഞതാണ്;കുലുങ്ങിയില്ല അവൻ.സഹായം വേണ്ടിയതണത്രേ സഹായിക്കേണ്ടത്! സഹായിച്ചു നന്നായി...ദാ ഇപ്പോൾ ഒരു പിടിചാരമായ് കാണും.ആറുപേരിൽ രണ്ടുപേർ ആദ്യമേ തീർത്തു പറഞ്ഞു:ഇല്ല;ഞങ്ങളില്ല.

മൂന്നാമൻ വന്നു നാലു ദിവസങ്ങൾക്കകം മടങ്ങി;ജീവനിൽ പേടിയുണ്ടത്ര.വിപ്ലവത്തിനൊരുങ്ങിയവനെ മാത്രമായിരുന്നു അവർക്കു വേണ്ടത്..........ജന്തുകുടുമ്പത്തിലുള്ളവരുടെ കണ്ണുകളിൽ സന്തോഷം തെളിഞ്ഞു.അവർ എന്ന ഹിന്ദി അക്ഷരം എഴുതാൻ പഠിച്ചു.കാര്യം ഇങ്ങനെയായാൽ പറ്റില്ല എന്നും തങ്ങളുടെ മേധാവിത്വം തകരുമെന്നും ആ രണ്ട'മനുഷ്യ'-കുടുംബത്തിനും മനസിലായി.ഇവൻ പഠിപ്പിക്കുന്നത് അക്ഷരമാണ്.അക്ഷരം! ഏറ്റവും കൂടുതൽ പേടിക്കേണ്ടത്! എന്തിനേയും തകർക്കാൻ കഴിയുന്നത്!ഓർമകൾ അയാളെ പിന്നോട്ടു വലിച്ചു.ഇനി ചിന്തിക്കേണ്ട എന്ന് ഓർമകൾ കുടുക്കിട്ടു.പകൈ വയ്യാ...മരണത്തിൽജീവൻ പൊലിയുന്നവരും; തന്റെ

നിത്യസുഹൃത്തുക്കളെ തേടി അലയുന്നത് ഓർമകൾകാരണമല്ലോ! പിന്നെങ്ങനെ തനിക്ക്ഓർമിക്കാതികിക്കാൻ കഴിയും?
മുന്നുവട്ടം മരണവിളിഅവർ നൽകി. ഒന്നും; രണ്ടും; ഗ്രാമവാസികൾ കാരണമെങ്ങനെയോ അതിജീവിച്ചു.ഇനിയും നിന്നാൽ ജീവൻ കയ്യിൽ കാണില്ലാ എന്നു മനസിലാക്കിയ മൂന്നാമനും പോയി.ബാക്കി ഞാനും അവനും...
താനും അവനും...
താനും അവനും...
താനും അവനും...ഓർമകൾക്ക് വിക്കോ?അടുത്ത് കണ്ട കല്ലിൽ അവൻ ഇരിന്നു.കറുത്ത തേര് ഇപ്പോൾ കാണനേയില്ല.ചുറ്റിനും നീലാകാശം;
വരണ്ട മണ്ണ് ,സാക്ഷിയായ ഏറ്റവും വലിയ കണ്ണും.
അന്ന് രാത്രി തന്നെ എല്ലാം നടന്നുവല്ലോ!
ഓർമകൾ അയാളെ തഴുകി തുടങ്ങി.
ഓലപ്പുരയ്ക്ക് തീപിടിക്കാൻ എന്തെളുപ്പം! മാറ്റത്തിനുശ്രമിച്ചവൻ ചാരമായ് മാറി..........
അവനാണ് തന്നെ രക്ഷിച്ച് വെളിയിലെത്തിച്ചത്!
പിന്നെന്തിനാണ് അവൻ വീണ്ടും ആ പുരയിലേക്ക് ഓടിചെന്നത്? അവിടെ അവനെ കാത്ത് എന്തയിരന്നു ഉള്ളത്?അവൻ എഴുതിയ അക്ഷരങ്ങൾക്കു വേണ്ടിയോ?അവൻ ജീവൻ കൊടുത്ത ഛായങ്ങൾക്കു വേണ്ടിയോ?
അറിയില്ല...അറിയേണ്ട ആവശ്യമില്ല....
ഒരു കാര്യം മനസിലായി.ആ ഓലപ്പുര അവന്റെ ചിതയായിരുന്നു....മതി!മതി!മതി!ഓർമകളേ മതി..........

ഓർക്കാതിരിക്കാൻ ശ്രമിക്കും തോറും ഏറിയേറി

വരുന്ന പ്രേതങ്ങളേ...മതി!ജോലികൾ പലതുണ്ട്.

അവന്റെ ചാരവുമായ് നാട്ടിലെത്തണം.ഒറ്റക്കാണെങ്കിലും തിരിച്ച്

ഈ ജ്വബൽപുരിയിലെത്തണം.അവർക്ക് അടുത്തക്ഷരമായ പഠിപ്പിക്കാൻ ഞാൻ തന്നെ

എത്തണമായിരിക്കും.വേണ്ട!ഓർമകൾവേണം!

മനസിന്തണലേകാൻ;ചുവടുകൾ വേഗമേറാൻ;ചിന്തകൾ-

ക്ക് തീപിടിക്കാൻ ഒരിക്കലും മരിക്കാത്ത അവന്റെ ഓർമകൾ വേണം...അവൻ തന്റെ കാലടികൾ വേഗം കൂട്ടി.

യാത്ര തുടരുകയാണ്.

സൂര്യൻ സാക്ഷിയുണ്ട്.

(ഫാത്തിമ.എസ്,10E)

# പ്രതീക്ഷ

ഇന്ദ്രനീലത്തിന്റെ പിൻവെളിച്ചത്തിൽ ഞാൻ
എന്നെ മറന്നങ്ങുപോയീ..........
ഏതോ വിദൂരമാംസന്ധ്യയിലിന്നെന്റെ...
മൂകമാംരാഗവും പാടി
ആരുമറിയാതെ ആരും പറയാതെ.
ശോകമാം വീണയും തേങ്ങി....
ആരും കൊതിക്കുന്ന നീല നഭസ്സിൽ
ആയിരം മഴവില്ല് കണ്ടു
ആഴകടലിൻ അഗാധതയിൽ
ഹൃദയത്തിൻ തിരമാലകണ്ടു....
ഇരുളിൻ വനാന്തമാം ഗർത്തത്തിൽ നിന്നൊരു
യാമവും എങ്ങോ മടങ്ങി........
മിഴി പൂട്ടിയെങ്ങോ മയങ്ങി...
നഷ്ടസ്വപ്നത്തിന്റെ വിങ്ങൽ
കാറ്റെൻ കാതിൽമന്ത്രിച്ചു..
ഇനിയുമുണ്ടാവട്ടെ ജന്മം.....
ഇനിയുമുണ്ടാവട്ടെ ജന്മം.....
ഈ പൂന്തെന്നൽ പോലൊരു ജന്മം.....
ഈ പൂന്തെന്നൽ പോലൊരു ജന്മം.....

ബിന്ദു.എസ്.
എച്ച്.എസ്സ്.ടി.(മലയാളം)

## വിദ്യാർത്ഥി സമൂഹത്തെ ബാധിക്കുന്ന

## കാൻസർ:ലഹരിയുടെ ഉപയോഗം

ഏതൊരു രാജ്യത്തിന്റെയും ഭാവിയെ നിർണയിക്കുന്നത് അവിടുള്ള യുവതലമുറയാണ്.വിദ്യാർതിവർഗം ഉൾപ്പെടുന്ന
ഈ തലമുറയിൽ നിന്നാണ് രാജ്യത്തിന്റെ പുരോഗതി എന്തായിരിക്കുമെന്നും:എങ്ങനായിരി–ക്കുമെന്നും
മനസിലാക്കുന്നത്.അതിനാൽ വളരെ
കരുതലോടും കുടിയാണ് രാജ്യം വിദ്യാർഥികളെ
നോക്കുന്നത്.എന്നാൽ;ഇന്നത്തെ സമുഹത്തിൽ
അനുദിനം വർധിച്ചു വരുന്ന ലഹരിയുടെ ഉപയോഗം കൂടുതൽ കൗമാരപ്രായങ്ങളിലെ വിദ്യാർഥികളാണ്.സ്യന്തം നാടിനേയും;സംസ്–കാരത്തേയും വളർത്തേണ്ടവർ;ചെറുപ്രായത്തിൽ
തന്നെ ലഹരിയ്ക്കടിമപ്പെട്ട് ജീവിതത്തെ നിരർഥകരും;വേദനാജനകവുമാക്കുന്നു.

എല്ലാ കാര്യങ്ങളിലും ഒരു വ്യത്യസ്തതയും;പുതിയ കാര്യങ്ങളറിയുന്നതിനു–ള്ള ശേഷിയും;തന്റെ തീരുമാനങ്ങൾ തന്റെതുമാത്രമാകണമെന്ന
മൽസര ബുദ്ധിയും; ഉപദേശങ്ങളോട് ഏറിയ പങ്കിനും വിമുഖതയും;മറ്റുള്ളവരെ അനുകരിക്കു–
ന്നതിൽ മുൻപന്തിയിൽ നിൽക്കുന്നവരാണ് നാം.
ശരിയേത്;തെറ്റേത് എന്ന് പൂർണമായും ഒരുറച്ച തീരുമാനത്തിലെത്താൻ കഴിയാത്തവർ വിരളമല്ല.
ഇവരുടെ അടുക്കലേക്കാണ്;സാമൂഹ്യ വിരുദ്ധ–
ന്മാർ മദ്യവും,മയക്കുമരുന്നും,മറ്റ് ലഹരിവസ്തുക്ക–ളുമായി കടന്നുവരുന്നത്.
നിരന്തരമായി വിദ്യാർ–
ഥികളിൽ പ്രേരണ ചെലുത്തിയും; ഈ വക കാര്യ
ങ്ങളുപയോഗിക്കുന്നവരെ ചൂണ്ടികാട്ടിയും;ഇതി–
ന്റെയൊക്കെ ഗുണങ്ങൾ വിദ്യാർഥികളുടെ അടുക്കൽ വശീകരണ ശക്തിയോടെ പറഞ്ഞ് വി–
ദ്യാർഥികളെ അവരുടെ കെണിയിൽ വീഴ്ത്തുന്നു.

വിദ്യതേടി വരുന്ന തലമുറ;തങ്ങളുടെ ലക്ഷ്യം മറന്ന് ലഹരിക്കുവേണ്ടി എന്തും ചെയ്യാത്തവരായിമാറുന്നു.

പ്രേത്യേകിച്ചും സ്ക്കുൾ വിദ്യാർഥികളുടെ ഇടയ്ക്ക് ലഹരിയുടെ
ഉപയോഗം ശക്തമാണ്.ഒരു കുട്ടുകാരനിൽ നിന്ന്
മറ്റൊരുവനിലേക്ക് എന്ന രീതിയിൽ ഇത് പടർന്നു
പന്തലിച്ചുകൊണ്ടേയിരിക്കുന്നു.ലഹരിയുടെ ഉപയോഗം വരുത്തിവെക്കുന്ന രോ–
ഗങ്ങളെപ്പറ്റിയും അതിന്റെ ദുഷ്യവശങ്ങളേയും
പറ്റി പാഠപുസ്തകങ്ങളിലൂടെ പഠിക്കുന്ന വിദ്യാർഥികൾ വീണ്ടും വീഴുന്നുവെന്ന ചോദ്യം ചിന്തനീ–
യമാണ്.

വിദ്യാർഥികളിലേക്ക് നീളുന്ന
ലഹരിയുടെ കൈകൾ ആരുടേതാണെന്ന് നാം കണ്ടെത്തണം ,അവയെ ഉന്മൂലനം ചെയ്യണം.
നല്ല ലഹരിയുണ്ടെന്നും ;ചീത്ത ലഹരിയു–
ണ്ടെന്നും വിദ്യാർഥികളറിയണം.സമൂഹത്തിന്
നല്ലതു വരുത്തണം;നന്നായി പഠിക്കണം, രക്ഷ
കർത്താക്കളെ അനുസരിക്കണം എന്ന കാര്യ
ങ്ങൾ നല്ല ലഹരിയായും; ശരീരത്തിനും, മനസ്സിനും;ദോഷകരമായി ഭവിക്കുന്ന വസ്തുക്ക–
ൾ ചീത്തലഹരിയായും നാം അറിയണം;
അതിനെ വർജിക്കണം. ഏറ്റവും പ്രധാനം; വിദ്യാർഥികൾ തങ്ങളുടെ ലക്ഷ്യം മനസ്സിലാക്ക–
ണം. വിദ്യ നേടലാണ്; തന്റെ ലക്ഷ്യമെന്നും, ലഹരിവസ്തുക്കളുപയോഗിച്ച് ജീവിതത്തെ ന–
ശിപ്പിക്കലല്ലാ എന്നും നാം മനസിലാക്കണം.

ലഹരിവിമുക്തവിദ്യാർഥിവർഗത്തിനു
മാത്രമേ; സുന്ദരവും, പുരോഗതിയുള്ളതുമായ
ഒരു നാടിനെ സൃഷ്ടിക്കാൻ കഴിയു എന്ന തിരി–
ച്ചറിവോടെ ലഹരിക്കെതിരെ ഒന്നായി അണിനിരന്ന്; അതിനെതിരെ നമ്മുക്ക് പ്രവർത്തിക്കാം!!!!!!.............

ഫാത്തിമ.എസ്.
(എച്ച്.എസ് വിഭാഗം ഉപന്യാസം
ഒന്നാംസ്ഥാനം)

# Famous Thoughts

- Life is like riding a bicycle,to keep your balance you have to keep moving.
- Do not wait and seek for help from God, may be God is waiting for you.
- Action is the fundamental key to success.
- There is no elevator to success you have to take the stairs.
- The starting point of all achievement is desire.
- When the student is ready , the master appears.
- Intelligence plus character that is the goal of true education.
- Failure is success if you learn from it.
- Work hard in silence, let success make the noise.
- Learn from yesterday, live for today, hope for tomorrow.

## പ്രിയ തോഴി

അർത്ഥമില്ലാതിരുന്നൊരീ ജീവിതം
അർത്ഥവത്താക്കി നീ സോദരീ...
കൂടെ നിന്നു നീ കൂടെപ്പിറപ്പുപോൽ
തണലാകും നീയെൻ കൂട്ടുകാരി...
അഗാധമാം ദുഖത്തിലാണ്ടുപോയി ഞാൻ
ആശ്വാസമേകി നിൻ കരലാളനം.
തല്ലിപ്പിരിഞ്ഞു പിണങ്ങിയോരാദിനം
തള്ളിനീക്കി ഞാനെൻ മിഴിനീർ പൊഴിച്ച്
എത്ര പിണങ്ങി നാം തമ്മിലെങ്കിലും
ഉറ്റവൾ നീ തന്നെ എന്നും എൻ തോഴി.
നേരെന്ന വാക്കും നിൻ കണ്ണിൽ കണ്ടു ഞാൻ
ഇനിയൊരു ജന്മമുണ്ടെന്നാകിൽ
കൊതിക്കുന്ന ഞാൻ നിൻ പ്രിയ തോഴി ആകാൻ....

സ്നേഹ ആർ സുരേഷ്
X.F

# IT QUIZ

1. The first search engine in internet?
    - Archie
2. Firewall in computer is used for what?
    - security
3. 1024 bit is equal to how many bytes?
    - 128 byte
4. Mac Operatimg System is developed by which company?
    - Apple
5. Where is the headquarter of Microsoft office located?
    - Washington
6. .gif is an extension of what?
    - Image file
7. Computer Hard Disk was first introduced in 1956 by?
    - IBM
8. In computer world,Trojan refer to what?
    - Malware
9. Which protocol is used to received e-mail?
    - POP3

10.In which year ”@”sign was first chosen for its use in e-mail address?

- 1972

# പൂമൊട്ട്

സൂര്യൻ അസ്തമിച്ചാലും കുറേസമയത്തേക്ക് വെളിച്ചം കാണാറില്ലേ? അതുപോലെയാണ് മഹത്വ്യക്തികളും മരണശേഷവും അവരിലെ നാമം ലോകത്ത് പ്രകാശം പരത്തും.മഹാത്മാഗാ-ന്ധിയെയും മദർ തെരേസയെയും ഒക്കെ ലോകം ഇന്നു ആദരവോടെ ഓർക്കുന്നതിനു കാരണമിതാണ്.അമ്മയുടെ വാക്കുകൾ അനുസരിച്ച്
വളർന്ന മദർ തെരേസയുടെ കുട്ടിക്കാലത്തെ-ക്കുറിച്ചാണ് ഈ കഥയിൽ പറയുന്നത്.അന്വേനിയിലെ സ്കോപായെ എന്ന സ്ഥലത്തായിരുന്നു ആഗ്നസ് എന്ന പെൺകുട്ടിയുടെ വീട് നല്ല ഭംഗിയുള്ള കൊച്ചു മിടുക്കി."ഹോംഗ്സ്" എന്നായിരിന്നു അവളുടെ പേര്."പൂമോട്ട്" എന്നാണ് ആ പേരിനർഥം.ഹോംഗ്സിന്റെ മൂത്ത സഹോദരൻ ലാസർ. മൂത്ത സഹോദരി എജ്. ലാസറും എജും കുസൃതികളാണ്.അമ്മയില്ലാത്ത തക്കം നോക്കി കുസൃതികൾ കാണിക്കും.പക്ഷേ ഹോംഗ്സ് അതിലൊന്നും ചേരില്ല.ആരും കാണുന്നില്ല എന്നു കാരുതി തെറ്റചെയ്യരുത് എന്ന് അമ്മയുടെ വാക്കുകൾ
അവൾ എപ്പോഴും ഓർക്കും.
ഒരു ദിവസം സഹപാഠികളെയും അധ്യാപകരെയും കളിയാക്കി ചിരിക്കുകയായിരുന്നു ലാസറും എജും ഹോംഗ്സും അവരുടെകുടെക്കൂടി ഇതെല്ലാം കേട്ട് അമ്മ തൊട്ടടുത്ത മുറിയിൽ ഇരിപ്പുണ്ടായിരുന്നു കുട്ടികളിരുന്ന മുറിയിലെ ലൈറ്റ് അമ്മ അവരറിയാതെ കെടുത്തി. തൊട്ടടുത്ത വീടുകളിലും അടുത്ത മുറിയിലും എല്ലാം വെളിച്ചമുണ്ട് .തങ്ങളിരു-ന്ന മുറിയിൽ മാത്രം വെളിച്ചമില്ല. അവർ അമ്മയുടെ അടുത്തെത്തി.മുറിയിൽ വെളിച്ചമില്ലാത്തതിന്നക്കുറി-

**ച്ച് അമ്മയോട് ഹോംഗ്സ് പരാതി പറഞ്ഞു.മറ്റുള്ള-
വരെക്കുറിച്ച് കുറ്റം പറയുന്നവർ എപ്പോഴും
ഇരുട്ടിലായിരിക്കും എന്ന പാഠം കുട്ടികളുടെ
മുറിയിലെ വെളിച്ചം കെടുത്തികൊണ്ട് ആ അമ്മ
അവരെ പഠിപ്പിക്കുകയായിരുന്നു. അതു കൊണ്ടാണ്
ഇത്രയും ഉയരത്തിൽ മദർ തെരേസയെത്തിയത്**

**(അക്ഷയ്)**

# വിജ്ഞാനച്ചെപ്പ്

1. ലോകത്തിലെ ഏറ്റവും അപകടകാരിയായ മരം എന്ന് ഗിന്നസ് വേൾഡ് റെക്കോർഡ്സിൽ രേഖപ്പെടുത്തപ്പെട്ട വൃക്ഷം?
2. ഹൈഡ്രജൻ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ലോകത്തിലെ ആദ്യത്തെ ട്രെയിൻ?
3. 2018 ൽ സമാധാന നോബൽ പുരസ്കാരം നേടിയ നാദിയ മുറാദിന്റെ ആത്മകഥ?
4. സർദാർ വല്ലഭായ് പട്ടേലിന്റെ സ്മാരക പ്രതിമയായ 'സ്റ്റാച്യു ഓഫ് യൂണിറ്റി'യുടെ ശില്പി?
5. നാസ ജനവാസ സാധ്യത കണ്ടെത്തിയ ശനിയുടെ ഉപഗ്രഹം?
6. ഓക്സ്ഫോഡ് ഇംഗ്ളീഷ് ഡിക്ഷ്ണറിയിൽ പുതുതായി ചേർക്കപ്പെട്ട ഏറ്റവും അവസാനമായി വരുന്ന വാക്ക് ഏത്?
7. മുൻ അമേരിക്കൻ പ്രസിഡന്റ് ബിൽ ക്ളിന്റന്റെ നോവൽ 2018 ജൂണിൽ പ്രസിദ്ധീകരിച്ച നോവൽ?
8. അമേരിക്ക അഫ്ഗാനിസ്ഥാനിൽ പ്രയോഗിച്ച 'ബോംബുകളുടെ മാതാവ്'' എന്നറിയപ്പെടുന്ന ബോംബ്?
9. വനാക്രൈ 'റാൻസംവെയർ' സൈബർ ആക്രമണത്തെ

ചെറുത്ത് 'കിൽസ്വിച്ച്' വഴി കമ്പ്യൂട്ടറുകൾക്ക് സൈബർ സുരക്ഷ ഒരുക്കിയ വ്യക്തി?

10. ക്യാൻസർ ചികിത്സാരംഗത്ത് അത്ഭുതമായി മാറിയ ജീൻ തെറാപ്പി

ഔഷധചികിത്സയ്ക്ക് നൽകിയിരിക്കുന്ന പേര് ?

ഉത്തരങ്ങൾ

1. മഞ്ചിനീൽ
2. കൊറാഡിയ ഐലന്റ്
3. ദ ലാസ്റ്റ് ഗേൾ
4. റാം വി സുതർ
5. എൻസിലാഡസ്
6. ZYZZYVA
7. The President is Missing
8. GBU-43/B
9. മർകസ് ഹച്ചിൻസ്
10. കിംറൈയ

# 2019

# IYPT

## Inter national Year of Periodic Table

# ഓർമ്മതൻ താഴ്വരയിൽ

വേനലിന്നതുളിനെയുറ്റുനോക്കുന്നവൻ
ഉള്ളിയിലെളതുളിനെതൊട്ടുനോക്കുന്നവൻ
ചേതനയറ്റമാനതാരിലവൾക്കായി ;
കരുതിയിരുന്നില്ല വേനലും ഗ്രീഷ്മവും
പൂമിഴിയവൾക്കായ് നൽകുവാൻ -
പകുത്തുവെച്ചുവെന്റെ ഹൃദയമെപ്പോഴും
തുലാമഴയത്തൊരേകടക്കിഴിലായെ -
ത്രനാളനോന്യം നോക്കിയിരുന്നവർ
ദൂരെ വിജനമാം തീരത്തിരുന്നവൾ
പൊഴിക്കുന്നു കണ്ണുനീർ മുതുകമായപ്പഴും
ചാറ്റൽ മഴയുണ്ട് കൂട്ടിന്, തേങ്ങും
നിലാവുണ്ട് കൂട്ടിന്
ചാരത്തവൾക്കുവേണമെപ്പോഴും
താൻ പ്രിയന്റെ മാധുരസ്വരം
കേൾക്കുവാൻ കഴിയുമോ,മുകരുവാൻ കഴിയുമോ
ഓർമ്മതൻ തീരാത്തവൾ മാത്രമാവുകയോ?
മായുന്നില്ലവനുടെ പുഞ്ചിരി
തീരുന്നില്ലവനുടെയോർമകൾ
അവളുണ്ടാകുന്ന കാലങ്ങളത്രയും
ജീവിക്കുമവൻ അവളിലൂടെതന്നെ...

ആനന്ദ് കൃഷ്ണ പ്രസാദ്

പ്രയാണം



പ്രയാണം



അജാസ് & അമീർഖാൻ
എൽ കെ ക്ളബ്ബ്

# FUTURE belongs to those Who DREAM

